# CAREER Updates
# പത്രവൃത്താന്തം

23.09.2024 (തിങ്കൾ)




⇨ 2024-ൽ നടന്ന 45-ാമത് ചെസ് ഒളിമ്പ്യാഡിൽ ഓപ്പൺ വിഭാഗത്തിലും വനിതാ വിഭാഗത്തിലും സ്വർണ്ണം നേടിയത്

✔ ഇന്ത്യ

● ഓപ്പൺ വിഭാഗത്തിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർമാരായ ഡി. ഗുകേഷും അർജുൻ എരിഗെയ്സിയും വ്യക്തിഗത സ്വർണ്ണം നേടി. വനിതകളിൽ ബോർഡ് മൂന്ന് വിഭാഗത്തിൽ ദിവ്യ ദേശ്മുഖും ബോർഡ് നാലിൽ വന്തിക അഗർവാളും വ്യക്തിഗത സ്വർണ്ണം നേടി. ചരിത്രത്തിലാദ്യമായാണ് ഓപ്പൺ വിഭാഗത്തിലും വനിതാ വിഭാഗത്തിലും ഇന്ത്യ സ്വർണ്ണം നേടുന്നത്.

● ചെസ് ഒളിമ്പ്യാഡിലെ ഓപ്പൺ വിഭാഗത്തിൽ 2014, 2022 വർഷങ്ങളിൽ ഇന്ത്യ മൂന്നാം സ്ഥാനം നേടിയിട്ടുണ്ട്.

⇨ ടെസ്റ്റ് ക്രിക്കറ്റിൽ അഞ്ച് വിക്കറ്റ് നേട്ടം കൈവരിച്ച ഏറ്റവും പ്രായം കൂടിയ ഇന്ത്യൻ താരം

✔ രവിചന്ദ്രൻ അശ്വിൻ

⇨ 2024 സെപ്തംബറിൽ അരങ്ങേറിയ ഈസ്റ്റേൺ ബ്രിഡ്ജ് VII സൈനികാഭ്യാസത്തിൽ ഇന്ത്യൻ വ്യോമസേനയോടൊപ്പം പങ്കാളിയായത്

✔ റോയൽ എയർഫോഴ്സ് ഓഫ് ഒമാൻ

⇨ സമുദ്ര സുരക്ഷയ്ക്ക് ഏറെ കരുത്തേകുന്ന 31 അത്യാധുനിക എം.ക്യൂ. 9 ബി പ്രെഡേറ്റർ ഡ്രോണുകൾ വാങ്ങാൻ ഏത് രാജ്യവുമായാണ് ഇന്ത്യ കരാറിൽ ഒപ്പിട്ടത്?

✔ യു.എസ്.എ.

⇨ ഇന്ത്യയിലെ ആദ്യ വനിതാ സാമാജികയായി മേരി പുന്നൻ ലൂക്കോസ് സ്ഥാനമേറ്റതിന്റെ എത്രാം വാർഷികമാണ് 2024 സെപ്തംബർ 23-ന് ആചരിച്ചത്?

✔ 100

● തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലെ ആദ്യ വനിതാ സാമാജികയായി മേരി പുന്നൻ ലൂക്കോസ് 1924 സെപ്തംബർ 23-നാണ് സ്ഥാനമേറ്റത്. സഭാ ടി.വി. ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ 'ഡോ. മേരി പുന്നൻ ലൂക്കോസ്; ചരിത്രം പിറന്ന കൈകൾ' എന്ന ഡോക്യുമെന്ററി ഒക്ടോബർ 4-ന് ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ പ്രദർശിപ്പിക്കും.

⇨ 2024 സെപ്തംബറിൽ ഇന്ത്യൻ സിനിമയിലെ മോസ്റ്റ് പ്രൊലിഫിക് ഡാൻസർ/ആക്ടർ വിഭാഗത്തിൽ ഗിന്നസ് റെക്കോഡ് നേടിയ നടൻ

✔ ചിരഞ്ജീവി

⇨ 2025-ലെ ഓസ്കാറിലേക്കുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി തിരഞ്ഞെടുക്കപ്പെട്ട ചിത്രം

✔ ലാപതാ ലേഡീസ്

● കിരൺ റാവു സംവിധാനം ചെയ്ത 'ലാപതാ ലേഡീസ്' മത്സരിക്കുന്നത് മികച്ച വിദേശ ഭാഷാ ചിത്രങ്ങളുടെ വിഭാഗത്തിലാണ്.

⇨ 2024 സെപ്തംബറിൽ അന്തരിച്ച പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ

✔ സി.എ. ജയപ്രകാശ്

● മരച്ചീനി ഇലയിൽ നിന്നുള്ള ജൈവകീട നാശിനികളായ നന്മ, മേന്മ, ശ്രേയ എന്നിവ വികസിപ്പിച്ചത് ഇദ്ദേഹമാണ്.

⇨ 2024 സെപ്തംബറിൽ ചമ്രാൻ-1 എന്ന ഉപഗ്രഹം വിക്ഷേപിച്ച രാജ്യം

✔ ഇറാൻ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999